ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ്
ആന്റ് എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ. പി.ഒ
തിരുവനന്തപുരം - 695003

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. ഇ20/5992/18/സി.ഇ/ത.സ്വ.ഭ.വ

തീയതി: 31.03.2022

## സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ (L.I.D & E.W) – ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശുപാർശ നടപ്പിലാക്കുന്നത്- 30.03.2022 ന് പ്രസിദ്ധീകരിച്ച സർക്കുലറിന് ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1) 31.07.2021 തീയതിയിലെ ഡി.എ2/459/2017-തസ്വഭവ നം. സർക്കാർ കത്ത്
2) 30.03.2022 ലെ ഇതേ നമ്പർ സർക്കുലർ

ധനകാര്യ പരിശോധന വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ശുപാർശകൾ സൂചന (1) പ്രകാരം ഈ കാര്യാലയത്തിൽ അറിയിച്ചത് അനുസരിച്ച് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ യഥാർത്ഥ ഗുണഭോക്തൃ കമ്മറ്റികളല്ലാതെ പ്രവൃത്തികൾ നിർവ്വഹണം നടത്തുന്ന പക്ഷം പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച മുഴുവൻ തുകയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി വസൂലാക്കുന്ന വിധത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് എന്നും, ബിനാമി കൺവീനർമാർ മുഖാന്തിരം കരാറുകാർ പ്രവൃത്തി നിർവ്വഹണം നടത്തുന്നത് ഒഴിവാക്കുന്നതിനായി, സർക്കാരിന് നഷ്ടം വരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കുന്ന ബിനാമി കൺവീനർമാരുടെയും ഗുണഭോക്തൃ സമിതി ചെയർമാൻമാരുടെയും പേരിൽ നിയമനടപടികൾ സ്വീകരിച്ച് ആയതു വഴി ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും വിധം നടപടി സ്വീകരിക്കേണ്ടതാണ് എന്നും, പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണ കാര്യത്തിൽ പട്ടികവർഗ്ഗ ഊരുകൂട്ട തീരുമാനങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി ഊരുകൂട്ട മിനിട്ട്സ് യഥാസമയം രേഖപ്പെടുത്തേണ്ടതാണ് എന്നും ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സൂക്ഷ്മത പുലർത്തേണ്ടതും, ഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ് എന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ടി വിഷയം സംബന്ധിച്ച് സൂചന (2) സർക്കുലറിനെ മേൽ സൂചിപ്പിച്ച പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചീഫ് എഞ്ചിനീയർ

LA